പതിനാലാം കേരള നിയമ സഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2574 18.08.2017- ൽ മറുപടിക്ക്

## കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ 365 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേ ഉദ്ധാരണ പ്രവൃത്തികൾക്ക് വേഗത പോരെന്ന് വേൾഡ് ബാങ്ക് മിഷൻ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ലോക ബാങ്കിൽ നിന്നും വായ്പ തുക സമയബന്ധിതമായി പിൻവലിക്കാത്തതുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് മെല്ലെപ്പോക്കാണെന്ന് ലോകബാങ്ക് പരാമർശിച്ചിരുന്നു. എന്നാൽ നാളിതു വരെ തുടങ്ങി വച്ച പ്രവൃത്തികൾ (2016-2017 ൽ തുടങ്ങിയ 3 പ്രവൃത്തികൾ ഒഴിച്ച്) എല്ലാം തന്നെ അവസാന ഘട്ടത്തിലാണ്. ഈ വർഷം അവസാനത്തോടെ ഇവ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഇതിനുള്ള ആദ്യ ദർഘാസിൽ മതിയായ രീതിയിൽ പ്രതികരണം ഇല്ലാതിരുന്നതിനാൽ വീണ്ടും പ്രീ ക്വാളിഫിക്കേഷൻ ദർഘാസ് ചെയ്യുകയും ലോകബാങ്കിന്റെയും, സ്റ്റിയറിങ് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ അടുത്ത നടപടി ആയ തിരഞ്ഞെടുത്ത കരാറുകാരിൽ നിന്നും ആന്വിറ്റി ലഭ്യമാക്കുന്നതിനുള്ള RFP പ്രമാണങ്ങൾ ലോകബാങ്ക് അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?| | 1 | കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിലുൾപ്പെട്ട പൊൻകുന്നം-തൊടുപുഴ റോഡ്, പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മറ്റ് റോഡ് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | കാസർകോട്-കാഞ്ഞങ്ങാട് റോഡ്<br>പിലാത്തറ-പാപ്പിനിശ്ശേരി റോഡ് | ഡിസംബർ 2017 |
| 2 | ചെങ്ങന്നൂർ-ഏറ്റുമാന്നൂർ റോഡ് | നവംബർ 2017 |
| 3 | ഏറ്റുമാന്നൂർ -മൂവാറ്റുപുഴ റോഡ് | ഒക്ടോബർ 2017 |
| 4 | തിരുവല്ല ബൈപ്പാസ് | ഡിസംബർ 2018 |
| 5 | തലശ്ശേരി-കളറോഡ് | ജൂൺ 2018 |
| 6 | കളറോഡ്-വളവുപാറ റോഡ് | സെപ്റ്റംബർ 2018 |

പ്രസ്തുത പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പുനലൂർ - പൊൻകുന്നം റോഡ് പ്രവൃത്തി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കഴക്കൂട്ടം -അടൂർ മാതൃകാ റോഡ് സുരക്ഷാ പദ്ധതിയുടെ പണി ആരംഭിച്ചു 2018 ഏപ്രിലിൽ പൂർത്തികരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

S. Bindu
സെക്ഷൻ ഓഫീസർ